എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള
വാസം- ചിന്താതീതം അതു
മനോഹരം എന്തു
സന്തോഷമാം പുതുജീവിതം
സന്താപമേറുമീ
ലോകെ ഞാനാകിലും
സാന്ത്വനം തരും ശുഭം

1 ഒന്നും കണ്ടിട്ടല്ല എൻ
ജീവിതാരംഭം വിശ്വാസ
കാൽചുവടിലത്രേ തന്നീടുന്നേ
സ്വർഗ്ഗ ഭണ്ഡാരത്തിൽ നിന്നും
ഒന്നിനും മുട്ടില്ലാത്തവണ്ണം
ആശയ്ക്കെതിരായ് ആശയോടെ
വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം

2 ആരു വെറുത്താലും ആരു
ചെറുത്താലും കാര്യമില്ലെന്നുള്ളം
ചൊല്ലുന്നു- കൂടെ മരിപ്പാനും
കൂടെ ജീവിപ്പാനും കൂട്ടായ്
പ്രതിജ്ഞാബന്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും
കൂട്ടായ് യേശു എനിക്കുള്ളതാൽ

3 ആരു സഹായിക്കും ആരു
സംരക്ഷിക്കും എന്നുള്ള ഭീതി
എനിക്കില്ല-തീരെ ബലഹീനനായ്
കിടന്നാലും ചാരും ഞാൻ
യേശുവിന്റെ മാർവ്വിൽ എത്തും
സഹായമത്യത്ഭുതമാം
വിധം തൊട്ടു സുഖപ്പെടുത്തും

4 ക്രിസ്തീയ ജീവിത മാഹാത്മ്യം
കണ്ടവർ ക്രിസ്തനെ വിട്ടുപോ-
യിടുമോ- സുസ്ഥിരമല്ലാത്ത
ലോകസ്നേഹത്തിനാൽ
വ്യർത്ഥരായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു
നടക്കുകിൽ നിത്യാനന്ദം
ലഭ്യമേ

Enthanandam enikkenthanandam
Priya yesuvin koodeyulla
Vaasam- chinthatheetham athu
Manoharam enthu
Santhoshamam puthujeevitham
Santhaapamerumee
Loke njaanaakilum
Santhwanam tharum shubham

1 Onnum kantittalla en
Jeevithaarambham viswasa
Kaalchuvadilathre thannidunne
Swarga bhandarathil ninnum
Onninum muttillaathavannam
Aasakkethirai aasayode
Viswasikkukil ellaam saadhyam

2 Aaru veruthaalum aaru
Cheruthalum karyamillennullam
Chollunnu- koode marippanum
Koode jeevippaanum koottai
Prathijnjaabandham cheythor
Koottathode vittupoy vittaalum
Koottai Yesu enikkullathaal

3 Aaru sahaayikkum aaru
Samrakshikkum ennulla bheethi
Enikkilla-theere balaheenanai
Kidannaalum chaarum njaan
Eshuvinte maarvvil ethum
Sahayamathyathbhuthamam
Vidham thottu sukhapeduthum

4 Kristheeva jeevitha mahatmvam
Kantavar kristhane vittupo-
Yidumo- susthiramallaatha
Lokasnehathinaal
Vyartharai theerunnathenthine
Karthanaamesuvodothu
Nadakkukil nithyanandam
Labhyame